**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3077** **19.06.2018 ൽ മറുപടിയ്ക്ക്**

# കാർഷിക മേഖലയിൽ യുവജനങ്ങളുടെ തൊഴിൽദാന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ കാലോചിതമായ വർദ്ധനവിന് ആനുപാതികമായി കാർഷിക മേഖലയിലെ യുവജനങ്ങളുടെ തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായവർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | എ) | ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | ഈ പദ്ധതിയിൽ അംഗങ്ങളായിരിക്കെ അറുപതു വയസ്സിനു ശേഷം മരണപ്പെട്ടവരുടെ ഗ്രാറ്റുവിറ്റി, പെൻഷൻ, മരണാനന്തര ആനുകൂല്യം എന്നിവ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ഈ പദ്ധതി പ്രകാരം അറുപത് വയസ്സിനുശേഷം മരണപ്പെട്ടവർക്ക് മരണാനന്തര ആനുകൂല്യമായി 1 ലക്ഷം രൂപ ധനസഹായം നൽകണമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതനുസരിച്ച് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| സി) | ഈ പദ്ധതിയിലെ അംഗങ്ങൾക്കായി പുതിയ തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുമോ; | സി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| ഡി) | കൃഷി വകുപ്പിന്റെ കാർഷിക വികസന സമിതികളിലും പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റികളിലും ഒരു ലക്ഷം യുവ കർഷക സമിതി പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;<br>ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | ഇല്ല. ഇപ്പോൾ പരിഗണനയിലില്ല. |

Maya P

**സെക്ഷൻ ഓഫീസർ**